(എ) ഈ ഗവണ്മെന്റ് നിലവിൽ വന്നശേഷം എപ്പോഴെല്ലാം പെട്രോളിയം ഉല്പന്നങ്ങൾക്ക് വിലവർദ്ധനവുണ്ടായിട്ടുണ്ട്;

(ബി) പെട്രോൾ, ഡീസൽ എന്നിവയുടെ നിലവിലുള്ള വിലയിൽ അവയുടെ ഓരോന്നിന്റെയും യഥാർത്ഥ വില, കേന്ദ്രനികുതികൾ, ഓരോ ഇനത്തിലുള്ള സംസ്ഥാന നികുതികൾ, സ്റ്റേറ്റ് സർചാർജ്ജ് മുതലായവ എത്രവീതമെന്ന് അറിയിക്കുമോ;

(സി) പെട്രോളിയം ഉല്പന്നങ്ങൾക്ക് കേന്ദ്രം ഒരു രൂപ വർദ്ധിപ്പിക്കുമ്പോൾ സംസ്ഥാനത്തുണ്ടാകുന്ന വിലവർദ്ധനവെത്രയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 1996 ജൂലൈ മാസത്തിലും 1997 സെപ്തംബറിലും 1999 ഒക്ടോബറിലും വിലവർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ബി)&(സി) പെട്രോൾ, ഡീസൽ എന്നിവയുടെ വില്പനവില നിശ്ചയിക്കുന്നത് ഓയിൽ കോ-ഓർഡിനേഷൻ കമ്മിറ്റിയാണ്. ഈ വില വിവിധ സംസ്ഥാനങ്ങളിൽ വ്യത്യസ്തമാണ്. പെട്രോളിന്റെ സംസ്ഥാന വില്പനനികുതി 17 ശതമാനവും ഡീസലിന്റേത് 15 ശതമാനവുമാണ്. ഇതിനു പുറമേ വിലപ്ന നികുതിയുടെ 10% സർചാർജ്ജും ഉണ്ട്. കൂടാതെ 4% ടേണോവർ ചുമത്തിവരുന്നു. (സർചാർജ്ജും ടേണോവർ ടാക്സും ഉപഭോക്താവിൽ നിന്നും ഈടാക്കാവുന്നതല്ല) സ്റ്റേറ്റ് സർചാർജ്ജ് എന്ന പേരിൽ സംസ്ഥാന സർക്കാർ നികുതിയൊന്നും ഈടാക്കുന്നില്ല.

**32 (320) ഡീസലിന്റെ വിലവർദ്ധനവ്**

ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീ. കെ. ബാബു :
ശ്രീ. വി. ബാലറാം :
ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1999 ഒക്ടോബറിൽ ഡീസലിന്റെ വില വർദ്ധിപ്പിച്ചതിനെതിരെ സംസ്ഥാന ഗവണ്മെന്റ് കേന്ദ്രത്തിൽ നിവേദനം നടത്തിയിട്ടുണ്ടോ;

(ബി) നിവേദനത്തിലെ ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു;

(സി) വിലവർദ്ധനവ് നിലവിൽ വന്ന് എത്ര ദിവസം കഴിഞ്ഞശേഷമാണ് ഈ നിവേദനം നൽകിയത്;

(ഡി) നിവേദകസംഘത്തിൽ ആരെല്ലാമുണ്ടായിരുന്നുവെന്നും നിവേദനത്തിന്റെ ഫലം എന്തായിരുന്നുവെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഡീസലിന്റെ വില വർദ്ധിപ്പിക്കുന്ന നടപടിയിൽനിന്നും കേന്ദ്രഗവണ്മെന്റ് പിന്തിരിയണമെന്നാണ് ആവശ്യപ്പെട്ടത്.

(സി) 19/11/1999 ലാണ് നിവേദനം നൽകിയത്.

(ഡി) നിവേദനസംഘം മുഖേന നിവേദനം നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly